**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1801** **11-10-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിൽ റോഡ് സുരക്ഷാ ഫണ്ടിന്റെ വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ കെ ബി ഗണേഷ് കുമാർ (ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | റോഡ് സുരക്ഷാ ഫണ്ട് എന്തൊക്കെ ആവശ്യങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്നും പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | റോഡ് സുരക്ഷാ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ പ്രസ്തുത ഫണ്ടിൽ നിന്ന് ആലപ്പുഴ നിയോജകമണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചെലവഴിച്ചതെന്നും ഓരോ ഇനത്തിലും ചെലവഴിച്ച തുക എത്രയാണെന്നും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ? | (ബി) | റോഡ് സുരക്ഷാ ഫണ്ട് ജില്ലാ റോഡ് സുരക്ഷാകൗൺസിൽ വഴി ജില്ലകൾക്കാണ് അനുവദിക്കുന്നത് എന്നതിനാൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ വിനിയോഗിച്ച തുകയുടെ വിവരങ്ങൾ സൂക്ഷിക്കുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയ്ക്ക് മാത്രമായി രണ്ട് പ്രവൃത്തികൾക്ക് 2022-23 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിലെ വിവിധ സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകളും മിനിമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്ന പദ്ധതി (സംസ്ഥാന പോലീസ് മേധാവി മുഖാന്തിരം)- 49,06,354/- രൂപയും ആലപ്പുഴ ജില്ലയിലെ കല്ലിശ്ശേരി പ്രാവിൻകൂടിൽ സോളാർ ബ്ലിങ്കറുകൾ സ്ഥാപിക്കുന്ന പദ്ധതിക്കായി 1,05,000/- രൂപയും (ആലപ്പുഴ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ മുഖാന്തിരം) അനുവദിച്ചിട്ടുണ്ട്. കൂടാതെ Black spot rectification-നുമായി ബന്ധപ്പെട്ട് മറ്റ് ജില്ലാ റോഡ് സുരക്ഷാകൗൺസിലുകളോടൊപ്പം 2023-24 സാമ്പത്തിക വർഷത്തിൽ ആലപ്പുഴ ജില്ലയ്ക്കും അഞ്ചുലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം -1

കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്റ്റ് സെക്ഷൻ 13 പ്രകാരം റോഡ് സുരക്ഷാ ഫണ്ട് ചുവടെപ്പറയുന്ന ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്

എ) റോഡ് സുരക്ഷാ പരിപാടികൾക്ക്.
ബി) റോഡ് സുരക്ഷ സംബന്ധിച്ചബോധവൽക്കരണപരിപാടിക്ക്.
സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ഉപകരണങ്ങളുടെ വാങ്ങലുകൾക്ക്.
ഡി) റോഡ് സുരക്ഷാ സംബന്ധിച്ച് പദ്ധതികളിന്മേലുള്ളഅംഗീകൃത പഠനങ്ങൾക്കും ഗവേഷണത്തിനും ഫണ്ട് നൽകുന്നതിന്.
ഇ) ട്രോമാ-കെയർ പരിപാടികൾക്കും ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കും.
എഫ്) അതോറിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക്.
ജി) അതോറിറ്റിക്ക് യുക്തമെന്ന് തോന്നുന്ന റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കുള്ള ചെലവിനും
(എച്ച്) അതോറിറ്റി നിർണ്ണയിച്ചേക്കാവുന്ന മറ്റേതെങ്കിലും ആവശ്യത്തിനും.താഴെപ്പറയുന്ന മാനണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള പദ്ധതികൾക്ക് നിശ്ചിത നടപടി ക്രമങ്ങൾക്കു വിധേയമായാണ് റോഡ് സുരക്ഷാ ഫണ്ടിൽ നിന്നും ധനസഹായംഅനുവദിക്കുന്നത്.
പദ്ധതികൾ താഴെചേർത്തിരിക്കുന്നവിഭാഗത്തിൽപ്പെട്ടവയായിരിക്കണം
എ) റോഡ് സുരക്ഷാ.
ബി) ബോധവൽക്കരണം.
സി) റോഡ് സുരക്ഷാ ഉപകരണങ്ങൾ.
ഡി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട പഠനങ്ങൾ.
ഇ) ട്രോമാകെയർ തുടങ്ങിയവ

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെഅംഗീകരത്തോടെയോ അതോറിറ്റി ചെയർമാൻെറ അംഗീകാരത്തോടെയോ ആണ് പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നത്.